LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ ജില്ലയിലെ വനം വകുപ്പ് റോഡുകൾ

72 [3935] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വനം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചു ഈ സാമ്പത്തിക വർഷം എത്ര റോഡുകൾ ഗതാഗതയോഗ്യമാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ:

(ബി) മച്ചാട് ഫോറസ്റ്റ് റേഞ്ച് അതിർത്തിയിലുള്ള ഏതെല്ലാം റോഡുകൾ ഈ വർഷം പണി പൂർത്തിയാക്കുമെന്ന് അറിയിക്കുമോ?

ഉത്തരം.

(എ) തൃശ്ശൂർ ജില്ലയിൽ വനം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ഈ സാമ്പത്തിക വർഷം 5 റോഡുകളുടെ പണി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. കണ്ണാറ്റുപാടം ഇഞ്ചക്കുണ്ട് പരുന്തുപാറ റോഡ്
2. മുപ്ലി-തട്ടുപാലം റോഡ്
3. പുലിക്കുണ്ട്-റിസർവ്വ് റോഡ്
4. മീനിക്കുണ്ട്-ട്രൈബൽ കോളനി റോഡ്
5. വട്ടായി-കുണ്ടുകാട് റോഡ്

(ബി) മച്ചാട് ഫോറസ്റ്റ് റേഞ്ച് അതിർത്തിയിലുള്ള വട്ടായി-കുണ്ടുകാട് റോഡ് ഈ വർഷം പണി പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ആൻഡമാൻ ദ്വീപിലേക്ക് നൽകിയ വനവിഭവങ്ങൾ

73 [3937] *ശ്രീ. പി. കെ. കെ. ബാവ:*
,, *കളത്തിൽ അബ്ദുള്ള:*
,, *കെ. എൻ. എ. ഖാദർ:*
,, *സി. മോയിൻകുട്ടി:*
,, *സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തം അനുഭവിച്ച ആൻഡമാൻ ദ്വീപിലെ ജനങ്ങൾക്ക് മുള കൂടാതെയുള്ള ഏതെങ്കിലും വനവിഭവങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ ഈ ഇനത്തിൽ ഗവൺമെന്റിന് എന്ത് തുക ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ബി) ഇല്ലെങ്കിൽ ഇത് സൗജന്യമായി കൊടുക്കുന്നതിന് ഉത്തരവ് നൽകിയിരുന്നോ;